**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5003** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു വിനോദ സഞ്ചാര കേന്ദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ കാണക്കാരി, ഈരാറ്റുപേട്ട, വിജയപുരം, ചെമ്പ്, വാഴൂർ, വെള്ളാവൂർ, ഉദയനാപുരം, ഉഴവൂർ, കടനാട്, വെച്ചൂർ, നീണ്ടൂർ എന്നിങ്ങനെ 11 പഞ്ചായത്തുകൾ അപേക്ഷ സമർപ്പിച്ചു. അതിൽ കാണക്കാരി, വാഴൂർ, ഉഴവൂർ പഞ്ചായത്തുകൾ സമർപ്പിച്ച പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നീണ്ടൂർ പഞ്ചായത്തിൽ നിന്ന് ലഭിച്ച പദ്ധതിയുടെ ഡിപിആർ പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ? | (ബി) | അപേക്ഷ നൽകേണ്ടതിന്റെ നടപടിക്രമം ചുവടെ ചേർക്കുന്നു<br><br>ഈ പദ്ധതി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി https://apps.keralatourism.org/destination-challenge എന്ന പ്രത്യേക പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിയ്ക്കുള്ളിലെ ടൂറിസം സാധ്യതയുള്ള പ്രദേശം തിരിച്ചറിഞ്ഞ്/ കണ്ടെത്തി പദ്ധതി പ്രൊപ്പോസലിന്റെ ഡിപിആർ തയ്യാറാക്കി ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോം വഴി സമർപ്പിക്കുകയും DPR – ന്റെ ഹാർഡ് കോപ്പി ടൂറിസം വകുപ്പ് ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.<br><br>PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിനൊപ്പം പദ്ധതി പ്രൊപ്പോസലിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്.<br><br>പദ്ധതിയ്ക്കാവശ്യമായ നിയമപരമായ എല്ലാ അനുവാദങ്ങളും ലഭ്യമാക്കേണ്ടത് തദ്ദേശ സ്വയംഭരണ |

| | | | | |
|---|---|---|---|---|
| | | | | സ്ഥാപനങ്ങളാണ്.<br><br>നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഭൂവുടമസ്ഥാവകാശ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള ലാൻഡ് NOCയും പ്രപ്പോസലിനൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കണം.<br><br>പദ്ധതി പ്രദേശത്തു നിന്നും ലഭിക്കുന്ന വരുമാനം പ്രസ്തുത ടൂറിസം പദ്ധതിയുടെ കൃത്യമായ നടത്തിപ്പിനും പരിപാലനത്തിനുമായി ഉപയോഗിക്കേണ്ടതാണ്. പദ്ധതി പ്രൊപ്പോസലിനോടൊപ്പം തന്നെ ഈ വരുമാനവും അതിന്റെ ഉപയോഗവും സംബന്ധിച്ചൊരു ബിസിനസ് പ്ലാൻ കൂടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.<br><br>പദ്ധതി തുകയുടെ 60 ശതമാനമോ 50 ലക്ഷം രൂപയോ(അതിലേതാണോ കുറവ് അത്) ടൂറിസം വകുപ്പാണ് നൽകുന്നത്.<br><br>ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സ്വന്തമായോ പ്ലാൻ ഗ്രാന്റായോ മറ്റേതെങ്കിലും ഫണ്ടുകൾ(സിഎസ്.എസ് ഉൾപ്പെടെ)മുഖേനയോ കണ്ടെത്തേണ്ടതാണ്. കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ ഫണ്ടിനോടൊപ്പം എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് കൂടി വിനിയോഗിക്കാവുന്നതാണ്.<br><br>തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എം.എൽ.എ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചതിന് ശേഷം മാത്രമേ വിനോദസഞ്ചാര വകുപ്പ് ഫണ്ട് അനുവദിക്കുകയുള്ളൂ.<br><br>അപേക്ഷകൾ വിനോദസഞ്ചാര വകുപ്പിന്റെ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി പരിശോധിച്ച് ആവശ്യമായ ഭരണാനുമതി നൽകുന്നതായിരിക്കും.<br><br>ഭരണാനുമതി ലഭിച്ച ദിവസം മുതൽ 18 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയായിരിക്കണം. |

സെക്ഷൻ ഓഫീസർ